# പതിമൂന്നാം കേരള നിയമസഭ
# ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 203

18.12.2012- ലെ മറുപടിക്ക്

## സഹകരണ ബാങ്കുകളുടെ ജപ്തി നടപടി

**ചോദ്യം**

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. റ്റി.യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് :

എ) സഹകരണ ബാങ്കുകളുടെ ജപ്തി നടപടികൾ ഒഴിവാക്കാൻ തവണ വ്യവസ്ഥയിൽ കുടിശ്ശിക തുക ഈടാക്കാൻ നൽകുന്ന നിർദ്ദേശം പല സഹകരണ സ്ഥാപനങ്ങളും നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

**മറുപടി**

ശ്രീ. സി.എൻ. ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും
മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി)

എ) ആശ്വാസ് 2012 മാതൃകയിലുള്ള കുടിശ്ശിക നിവാരണ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ജപ്തി നടപടികൾ ഒഴിവാക്കി തവണ വ്യവസ്ഥയിൽ വായ്പ തുക അടയ്ക്കുവാൻ സഹകരണ സ്ഥാപനങ്ങളും വായ്പക്കാർക്ക് അവസരം നൽകുന്നുണ്ട്. മാത്രമല്ല സർക്കാരിനും രജിസ്ട്രാർക്കും ജപ്തി സംബന്ധിച്ച് ലഭിക്കുന്ന നിവേദനങ്ങൾ പരിഗണിച്ച് ജപ്തി നടപടികൾ നിർത്തി വച്ചുകൊണ്ടും പിഴപ്പലിശ നോട്ടീസ് ചാർജ്ജ് എന്നിവ ഒഴിവാക്കിയും അർഹതപ്പെട്ട വായ്പക്കാരുടെ വായ്പകൾ തവണകളാക്കി അടയ്ക്കുന്നതിന് അവസരം നൽകണമെന്ന് നിർദ്ദേശം നൽകുകയും സഹകരണ സ്ഥാപനങ്ങൾ ആയത് നടപ്പിലാക്കാറുള്ളതുമാണ്.

എന്നാൽ ചില സഹകരണ സ്ഥാപനങ്ങൾ ഇത്തരത്തിൽ ജപ്തി നടപടികൾ ഒഴിവാക്കി തുക തവണകളായി അടയ്ക്കുന്നതിനുള്ള നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അത്തരം സംഘങ്ങൾക്ക് വീണ്ടും

| | |
|---|---|
| | നിർദ്ദേശം നൽകി പരമാവധി ഇളവുകൾ അനുവദിച്ച് വായ്പാ കണക്കുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കാറുണ്ട്. |
| ബി) റവന്യൂ റിക്കവറി നടപടികളിൽ സാധാരണക്കാരനെ സഹായിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ബി) റവന്യൂ റിക്കവറി നടപടികളിൽ നിന്നും സാധാരണക്കാരെ സഹായിക്കുന്നതിനായി ആശ്വാസ് പോലെയുള്ള കുടിശ്ശിക നിവാരണ പദ്ധതികൾ, പിഴപ്പലിശ, നോട്ടീസ് ചാർജ്ജ് മറ്റ് ചെലവുകൾ എന്നിവ ഒഴിവാക്കി തവണകളായി വായ്പകൾ അടയ്ക്കുന്നതിനുള്ള അവസരം നൽകി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**